മെട്രോ മനോരമ
2003 ജൂലൈ 24 വ്യാഴം



# രൂപരേഖ നൽകൂ; ത്രിമാനചിത്രം റെഡി

സ്വന്തം ലേഖകൻ

കൊച്ചി: ആർക്കിടെക്ട് മനസ്സിൽ കാണുന്നത് കടലാസിൽ പകർത്തുകയാണ് പി. ആർ. ജൂഡ്സൺ. ഏറെയൊന്നും കേട്ടുകേൾവിയില്ലാത്ത 'ബിൽഡിങ് വിഷ്വലൈസേഷ'ന്റെ രാജ്യത്തെ തന്നെ മുൻനിരക്കാരനാണ് തോപ്പുംപടി ചുള്ളിക്കൽ സ്വദേശിയായ യുവാവ്.

കെട്ടിടത്തിന്റെ രൂപരേഖയും മറ്റും തയാറാക്കുന്ന ആർക്കിടെക്ടുകൾക്കുവേണ്ടി അതിന്റെ ത്രിമാനചിത്രം ഒരുക്കുകയാണ് ജൂഡ്സൺ. പത്തുവർഷങ്ങൾക്കു മുൻപ് ആരംഭിച്ച ഈ അപൂർവ ചിത്രംവരയുടെ കീർത്തി ഇന്ന് ഇന്ത്യ കടന്ന് ഗൾഫ് നാടുകളിലും യൂറോപ്പിലും പ്രചരിക്കുകയാണ്.



**ആർക്കിടെക്ടുകൾക്കുവേണ്ടി കെട്ടിടങ്ങളുടെ ത്രിമാനചിത്രങ്ങൾ ഒരുക്കുന്ന ജൂഡ്സന്റെ കീർത്തി കടൽ കടക്കുകയാണ്.**

കേരളത്തിലെ പ്രമുഖ ആർക്കിടെക്ടുകളെല്ലാം തങ്ങളുടെ സൃഷ്ടിയെ അതിന്റെ എല്ലാ വർണാഭയോടെയും കടലാസിൽ കാണാൻ ഒരിക്കലെങ്കിലും ജൂഡ്സനെ സമീപിച്ചിട്ടുണ്ട്.

കൂറ്റൻ കെട്ടിടങ്ങൾക്കായി ആർക്കിടെക്ടുകളുടെ ഇടയിൽ മൽസരമുണ്ടാകുമ്പോൾ മൽസരിച്ച എല്ലാവർക്കും വേണ്ടി ചിത്രങ്ങൾ ഒരുക്കാൻ ജൂഡ്സന് ഭാഗ്യം ലഭിച്ചിട്ടുണ്ട്.

''കെട്ടിടത്തിന്റെ രൂപവും ഭാവവും എല്ലാം തീരുമാനിക്കുന്നത് ആർക്കിടെക്ടാണ്. ആർക്കിടെക്ടിന്റെ മനസ്സിലുള്ള പണിതീർന്ന സൃഷ്ടിയെ അതിന്റെ എല്ലാ വർണശോഭയോടെയും കടലാസിൽ പകർത്തുക മാത്രമാണ് എന്റെ ജോലി.''

ആർക്കിടെക്ടിന്റെ മനസ്സ് കാണാനും കഴിവുള്ള ചിത്രകാരനു ജ്യോമട്രിയെക്കുറിച്ചും ധാരണ വേണമെന്ന് ജൂഡ്സൺ പറയുന്നു.

നാലുവർഷം മുൻപു വരെ കെട്ടിടങ്ങളുടെ രേഖാചിത്രങ്ങൾ കൈകൊണ്ടു വരച്ച് തയാറാക്കുകയായിരുന്നു. കംപ്യൂട്ടർ വിപ്ലവത്തിൽ പിന്തള്ളപ്പെടാതിരിക്കാൻ ജൂഡ്സനും സ്വന്തമായി കംപ്യൂട്ടർ പഠിച്ചു.



ജൂഡ്സൺ ചിത്രീകരണം നടത്തി ദമാമിൽ നിർമിക്കുന്ന 'ചന്ദ്രക്കല കെട്ടിടം'. ഇൻസെറ്റിൽ ജൂഡ്സൺ

മിക്ക രേഖാചിത്രങ്ങളും കംപ്യൂട്ടറിന്റെ സഹായത്തോടെയാണ് തയാറാക്കുന്നതെങ്കിലും വിദേശ ആർക്കിടെക്ടുകളിൽ ചിലർ നേരിട്ടു ചെയ്യുന്ന രേഖാചിത്രം തന്നെ ആവശ്യപ്പെടുന്നുണ്ട്. കെട്ടിടങ്ങളുടെ പുറംമോടി മാത്രമല്ല, ഇന്റീരിയറുകളും ജൂഡ്സൺ തയാറാക്കിക്കൊടുക്കുന്നുണ്ട്.

കൊച്ചിയിലെ ലെ മെറിഡിയൻ ഹോട്ടലിന്റെ അകത്തളം വരച്ചത് ജൂഡ്സനാണ്.

പതിനഞ്ചുവർഷം മുൻപ് പ്രീഡിഗ്രി പഠനം പാതിവഴിയിൽ ഉപേക്ഷിച്ച് ഗൾഫിലേക്ക് വിമാനം കയറാൻ മുംബൈയിൽ എത്തിയതാണ് ജൂഡ്സന് വഴിത്തിരിവായത്.

ഫൊട്ടോഗ്രഫർമാർക്കായി ഇന്റർവ്യൂ നടക്കുമ്പോൾ ഇന്റർവ്യൂ നടത്തിയ അറബിയുടെ ചിത്രം വരച്ച് അദ്ദേഹം അറബിയുടെ മനസ്സിൽ കയറിപ്പറ്റി. ദോഹയിൽ ജോലി ചെയ്യുമ്പോൾ പ്രശസ്ത ഈജിപ്ഷ്യൻ ആർക്കിടെക്ട് മേദത് എം. ഉസ്മാനാണ് ജൂഡ്സന്റെ കഴിവ് കണ്ടെത്തുന്നത്. ആർക്കിടെക്ടുകൾക്കുവേണ്ടിയുള്ള ചിത്രംവര സ്ഥിരം ജോലിയാക്കി മാറ്റാൻ അദ്ദേഹം ജൂഡ്സനെ ഉപദേശിച്ചു. 1992 ൽ ഗൾഫ് വിട്ട ജൂഡ്സൺ കൊച്ചിയിലും ദോഹയിലും രണ്ടു ഓഫിസുകൾ നടത്തുന്നുണ്ട്. മാസത്തിലൊരിക്കൽ രണ്ടു ഓഫിസുകളിലും പറന്നെത്തും.

ഇതിനകം ഇന്ത്യയിലും വിദേശത്തുമടക്കം ആയിരക്കണക്കിനു കെട്ടിടങ്ങൾക്ക് ജൂഡ്സൺ നിറം നൽകിയിട്ടുണ്ട്. സ്കൈലൈന്റെ എല്ലാ കെട്ടിടങ്ങളുടെയും ചിത്രീകരണം ജൂഡ്സനാണ്.

ആർക്കിടെക്ട് രമേശ് തരകനുവേണ്ടി ചോയിസ് ടവറാണ് ആദ്യത്തെ ചിത്രീകരണങ്ങളിലൊന്ന്. മറൈൻഡ്രൈവിലെ ഫെഡറൽ ടവർ ഉൾപ്പെടെ നഗരത്തിലെ പല കെട്ടിടങ്ങളുടെയും രൂപഭംഗി ആർക്കിടെക്ടുകൾക്കുവേണ്ടി പിന്നീട് പകർത്തി. നിർദിഷ്ട കേരള ട്രേഡ് സെന്റർ,

ആയുർവേദ ആശുപത്രി എന്നിവ ആർക്കിടെക്ട് നജീബിനുവേണ്ടി ത്രിമാനചിത്രത്തിലാക്കിയത് ജൂഡ്സനാണ്. നൂറോളം ആർക്കിടെക്ടുകൾക്കുവേണ്ടി ചിത്രീകരണം നടത്തി.

കെട്ടിട മേസ്തിരിയായ പി. പി. റാഫേലിന്റെയും ഫിലോമിനയുടെയും മകനായ ജൂഡ്സൺ പതിനാറാം വയസിൽ വീടിനടുത്ത ചുള്ളിക്കൽ സെന്റ് ആന്റണീസ് കപ്പേളയ്ക്ക് രൂപകൽപന നടത്തിയാണ് രൂപരേഖയുടെ ലോകത്ത് എത്തിയത്. യൂറോപ്യൻ ആർക്കിടെക്ടുകളുടെ അഭിനന്ദനങ്ങൾ ഏറെ ഏറ്റുവാങ്ങിയ ഈ മുപ്പത്തിയേഴുകാരൻ യൂറോപ്പിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാൻ തയാറെടുക്കുകയാണ്.